നം. സി1/13789/റ്റിസി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 29.07.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - കേരളത്തിലെ സ്റ്റേജ് കാര്യേജുകളിൽ പരാതി പുസ്തകം സൂക്ഷിക്കണമെന്ന നിയമം നടപ്പാക്കാത്തത് - സംബന്ധിച്ച്.

സൂചന:- 19.07.2011 തീയതിയിലെ 8001/ബി2/2011/ട്രാൻ എന്ന സർക്കാർ കത്തിനൊപ്പമുള്ള ശ്രീ. അബ്ദുൾ ലത്തീഫ്.എ.വി., അരിയാപറമ്പത്ത് വീട്, പാറമ്മൽ, മാവൂർ.പി.ഒ., കോഴിക്കോടിന്റെ നിവേദനം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരമുള്ള സർക്കാർ കത്തിനൊപ്പമുള്ള നിവേദനത്തിൽ ശ്രീ. അബ്ദുൾ ലത്തീഫ് പരാതിപ്പെടുന്നതെന്തെന്നാൽ സ്റ്റേജ് കാര്യേജുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് പരാതികൾ വല്ലതുമുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി പരാതി പുസ്തകം സൂക്ഷിക്കണമെന്ന ചട്ടം ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്നാണ്. സ്റ്റേജ് കാര്യേജുകളിലെല്ലാം തന്നെ പരാതി പുസ്തകം സൂക്ഷിച്ചിരിക്കണമെന്ന് 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 223 നിഷ്കർഷിച്ചിട്ടുണ്ട്. മേൽപറഞ്ഞ ചട്ടം കർശനമായി നടപ്പിലാക്കേണ്ടതും ചട്ടം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും ഇതിനാൽ നിഷ്കർഷിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി. (ടാക്സേഷൻ),
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

6/8/2011

സീനിയർ സൂപ്രണ്ട്.

06/8/11